# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)

11, അശോകാ റോഡ്, ന്യൂഡൽഹി–01

ഫോൺ 011–23007500, ഫാക്സ്– 011–23005787

## ബിജെപി മുൻദേശീയ അദ്ധ്യക്ഷൻ ശ്രീ വെങ്കയ്യാനായിഡു രാഷ്ട്രപതിയുടെ പാർലമെന്റ് പ്രസംഗത്തെക്കുറിച്ച് നടത്തുന്ന പ്രസ്താവന

ന്യൂഡൽഹി, 21 ഫെബ്രുവരി, 2013

രാഷ്ട്രപതിയുടെ പാർലമെന്റു പ്രസംഗം ആകെക്കൂടി നിരാശാകരവും ദിശാരഹിതവും പ്ര ചോദന രഹിതവുമാണ്. ഇന്നു രാജ്യം നേരിടുന്ന വെല്ലുവിളികളായ അഴിമതി, നിയന്ത്രണാതീ തമായ വിലക്കയറ്റം, കാർഷിക പ്രതിസന്ധി, കർഷക ആത്മഹത്യ, തൊഴിലില്ലായ്മ തുടങ്ങിയ വിഷയങ്ങളെ പരിഗണിക്കുകപോലും ചെയ്യുന്നില്ല. ഈ പറഞ്ഞ പ്രശ്നങ്ങളുടെ പരിഹാരത്തി ന് എന്തെങ്കിലും വഴി തുറക്കാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല.

രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചു പ്രസംഗം പരാമർശിക്കുന്നുവെങ്കിലും ധന ക്കമ്മി 5.5 ശതമാനം കഴിഞ്ഞിട്ടും ആഭ്യന്തര ഉൽപ്പാദനം അഞ്ചു ശതമാനമായി കുറഞ്ഞിട്ടും ആ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാർ എന്തുചെയ്യുമെന്ന കാര്യത്തിൽ ഒരു നിർദ്ദേ ശവും മുന്നോട്ടു വെക്കുന്നില്ല. സർക്കാർ ഇക്കാര്യത്തിൽ ലക്ഷ്യമില്ലാത്ത അവസ്ഥയിലാണന്നു വ്യക്തം. അതുകൊണ്ടുതന്നെ രാഷ്ട്രപതിയുടെ പ്രസംഗം ഒരു പ്രചോദനവും നൽകുന്നില്ല.

രാഷ്ട്രപതി സെൻട്രൽ ഹാളിൽ പ്രസംഗിക്കവേ സംഭവിച്ച കാര്യങ്ങൾ ഖേദകരമാണ്, അതി ന്റെ ഉത്തരവാദിത്തം ഭരണകക്ഷിതന്നെ ഏറ്റെടുക്കണം. ഭരണമുന്നണിയായ യുപിഎയിലെത ന്നെ ഘടകകക്ഷികളിൽ ചിലർ പ്ലക്കാർഡുമേന്തി മുദ്രാവാക്യം മുഴക്കി രാഷ്ട്രപതിയുടെ പ്ര സംഗത്തിനെതിരേ പ്രതയിഷേധിച്ചത് മുമ്പുണ്ടായിട്ടില്ലാത്ത നടപടികളാണ്. പ്രതിപക്ഷം ഉന്ന യിച്ചിട്ടുള്ള വിഷയങ്ങളും ആക്ഷേപങ്ങളും ശരരിയെന്നു തെളിയിക്കുന്നതാണ് ഇ സംഭവ ങ്ങൾ. മാത്രമല്ല കൂട്ടുകക്ഷി സർക്കാർ നയിക്കാൻ കോൺഗ്രസിന് അറിയില്ല എന്നതിനും രാ ജ്യം ഭരിക്കാൻ അവർക്കറിയില്ലെന്നതിനും തെളിവാണിത്.

*****